# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 30.12.2024**

## പ്രധാനവാർത്തകൾ

1. കേരളത്തിലെ ആധുനിക, മതനിരപേക്ഷ ജനാധിപത്യ സമൂഹത്തിന് ശിലാസ്ഥാപനം നടത്തിയ വ്യക്തിത്വമാണ് ശ്രീനാരായണഗുരുവെന്ന് മന്ത്രി എം.ബി രാജേഷ്.

2. പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ നടപടി ശക്തമാക്കി സംസ്ഥാന സർക്കാർ. ജനുവരി ഒന്നു മുതൽ സംസ്ഥാനത്ത് 'വലിച്ചെറിയൽ വിരുദ്ധ' വാരാചരണം.

3. മകരവിളക്ക് മഹോത്സവത്തിനായി ശബരിമല ക്ഷേത്ര നട ഇന്ന് തുറക്കും.

4. ഗുരുതര പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന തൃക്കാക്കര എം.എൽ.എ ഉമ തോമസിന് വിദഗ്ധ ചികിത്സ ഉറപ്പാക്കുന്നുണ്ടെന്ന് മന്ത്രി പി രാജീവ്.

5. ഇടുക്കിയിലെ കാട്ടാന ആക്രമണത്തിന് ശാശ്വത പരിഹാരം കാണുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ; വയനാട്ടിൽ ജനവാസമേഖലയിലിറങ്ങിയ കടുവയെ പിടികൂടണമെന്ന ആവശ്യവുമായി പ്രതിഷേധം ശക്തം.

6. മെൽബണിൽ നടന്ന ബോർഡർ-ഗവാസ്കർ ട്രോഫി നാലാം ടെസ്റ്റ് ക്രിക്കറ്റിൽ ഇന്ത്യയ്ക്കെതിരെ ഓസ്ട്രേലിയയ്ക്ക് 184 റൺസ് ജയം.

****************************************

## ഐഎസ്ആർഒ-സ്പേഡെക്സ്

ബഹിരാകാശത്ത് വച്ച് ഉപഗ്രഹങ്ങളെ കൂട്ടി യോജിപ്പിക്കുന്ന, ഐഎസ്ആർഒ യുടെ ഡോക്കിംഗ് ദൗത്യം -'സ്പേഡെക്സ്' ഇന്ന് വിക്ഷേപിക്കും. ഇതോടെ ലോകത്ത് ഈ നേട്ടം കൈവരിക്കുന്ന നാലാമത്തെ രാജ്യമാകും ഇന്ത്യ. പി.എസ്.എൽ.വി സി-60 വിക്ഷേപണ വാഹനമാണ് 'സ്പേഡെക്സ്' മിഷൻ ഉപഗ്രഹങ്ങളെ വഹിക്കുക. ഇന്ന് രാത്രി 9.58 ന് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്നാണ് വിക്ഷേപണം.

**************************************

## മാലിന്യം വലിച്ചെറിയുക-നടപടി

പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ നടപടി ശക്തമാക്കി സംസ്ഥാന സർക്കാർ. ജനുവരി ഒന്നു മുതൽ സംസ്ഥാനത്ത് 'വലിച്ചെറിയൽ വിരുദ്ധ' വാരാചരണം സംഘടിപ്പിക്കും. നിയമ ലംഘകർക്കെതിരെ തദ്ദേശ സ്വയംഭരണ വകുപ്പ് നടപടികൾ ശക്തമാക്കുകയും, പ്രധാന കേന്ദ്രങ്ങളിൽ കൂടുതൽ നിരീക്ഷണ ക്യാമറകളും, മാലിന്യ ശേഖരണത്തിന് ബിന്നുകളും സ്ഥാപിക്കുകയും ചെയ്യും.

RNUTVPM

**************************************

## ശിവഗിരി തീർത്ഥാടനം (ഇൻട്രോ)

ശ്രീനാരായണഗുരുവിന്റെ ആശയങ്ങളുടെ ദൃഢമായ അടിത്തറയിലാണ് കേരളം രാജ്യത്തിനാകെ മാതൃകയായി മാറിയതെന്ന് മന്ത്രി എംബി രാജേഷ്. ആധുനിക, മതനിരപേക്ഷ ജനാധിപത്യ കേരള സമൂഹത്തിന് ശിലാസ്ഥാപനം നടത്തിയ വ്യക്തിത്വമാണ് ശ്രീനാരായണഗുരുവെന്നും അദ്ദേഹം പറഞ്ഞു. 92-ാമത് ശിവഗിരി തീർത്ഥാടനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. (ഹോൾഡ് )

തീർത്ഥാടനത്തിന്റെ ഭാഗമായുള്ള വിദ്യാഭ്യാസ സമ്മേളനം മന്ത്രി വി. ശിവൻകുട്ടിയും, ശാസ്ത്ര സാങ്കേതിക സമ്മേളനം മന്ത്രി കെ.എൻ. ബാലഗോപാലും ഉദ്ഘാടനം ചെയ്യും. നാളെ നടക്കുന്ന തീർത്ഥാടന മഹാസമ്മേളനത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. അതിനിടെ ശിവഗിരി തീർത്ഥാടനത്തിന് ഇത്തവണ എറണാകുളത്തു നിന്നും 12 ജനറൽ കോച്ചുകളുള്ള പ്രത്യേക ട്രെയിൻ അനുവദിച്ചിട്ടുണ്ട്.

*************************************

## സ്കൂൾ കലോത്സവം

തിരുവനന്തപുരത്ത് നടക്കാനിരിക്കുന്ന 63-മത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് മുന്നോടിയായി സ്വർണ്ണ കപ്പ് ഘോഷയാത്ര നാളെ കാസർഗോഡ് കാസർഗോഡ് നിന്ന് ആരംഭിക്കും. എല്ലാ ജില്ലകളിലും സ്വീകരണം ഏറ്റുവാങ്ങി ജനുവരി മൂന്നിന് ഘോഷയാത്ര തിരുവനന്തപുരത്തെത്തും. ജനുവരി നാലു മുതൽ എട്ടുവരെയാണ് സ്കൂൾ കലോത്സവം.

RNU/TVPM

*************************************

## ശബരിമല(ഇൻട്രോ)

മകരവിളക്ക് മഹോത്സവത്തിനായി ശബരിമല നട ഇന്ന് വൈകിട്ട് തുറക്കും. തന്ത്രി കണ്ഠരര് രാജീവരുടെ സാന്നിധ്യത്തിൽ മേൽശാന്തി എസ്. അരുൺ കുമാർ നമ്പൂതിരി നടതുറക്കും. നാളെ പുലർച്ചെ മൂന്ന് മണി മുതൽ പൂജകൾ ആരംഭിക്കും.
വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി **ശ്രീജി എസ് ശ്രീധർ...**

(വോയിസ്)

*************************************

## ഉമ തോമസ്

കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ഗാലറിയിൽ നിന്നു വീണ് ഗുരുതര പരിക്കേറ്റ തൃക്കാക്കര എം.എൽ.എ ഉമ തോമസിന് ഇന്ന് രാവിലെ നടത്തിയ സി ടി സ്കാനിൽ തലയുടെ പരിക്ക് കൂടുതൽ ഗുരുതരമായിട്ടില്ലെന്ന് കണ്ടെത്തിയതായി മെഡിക്കൽ ബുള്ളറ്റിൻ. ശ്വാസകോശത്തിന് ഗുരുതര പരിക്കുള്ളതിനാൽ വെന്റിലേറ്റർ സേവനം തുടരേണ്ടി വരുമെന്ന് ഡോക്ടർമാർ അറിയിച്ചു. സംഭവത്തിൽ സംഘാടകർക്കെതിരെ പോലീസ് കേസെടുത്തിരുന്നു. ഉമാ തോമസ് എം.എൽ.എയ്ക്ക് വിദഗ്ധ ചികിത്സ ഉറപ്പാക്കുന്നുണ്ടെന്ന് മന്ത്രി പി രാജീവ് എറണാകുളത്ത് മാധ്യമങ്ങളോട് പറഞ്ഞു. സംഭവത്തെ ഗൗരവത്തോടെയാണ് കാണുന്നതെന്നും വീഴ്ച വരുത്തിയവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

RNU TVPM

************************************

## എയർ കേരള - കണ്ണൂർ

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് എയർ കേരള എയർലൈൻ സർവീസ് ആരംഭിക്കുന്നു. തുടക്കത്തിൽ ഡൽഹി മുംബൈ, ബംഗ്ളൂരു, ഹൈദരാബാദ് എന്നിവിടങ്ങളിലേക്കും പിന്നീട് വിദേശത്തേക്കും സർവീസ് ആരംഭിക്കും. കണ്ണൂരിന് പുറമെ കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ നിന്നായിരിക്കും സർവീസ്. കേരള സർക്കാരിനും സിയാലിനും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾക്കുമായി 26 ശതമാനം ഓഹരിയുള്ള സ്ഥാപനമാണ് എയർ കേരള.

************************************

## ജോർജ് കുര്യൻ

കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ കോഴിക്കോട് ജില്ലയിലെ വിവിധ മത്സ്യബന്ധന തുറമുഖങ്ങളിൽ സന്ദർശനം നടത്തി. കൊയിലാണ്ടി ഫിഷിംഗ് ഹാർബറിലെ നവീകരണ പ്രവൃത്തികൾ അദ്ദേഹം വിലയിരുത്തി. പുതിയാപ്പ മത്സ്യബന്ധന തുറമുഖത്തിൽ നടക്കുന്ന ഹാർബർ ബേസിന്റെ ആഴം കൂട്ടൽ, വൈദ്യുതീകരണം തുടങ്ങി 21.7 കോടി രൂപയുടെ വികസന പ്രവർത്തികളും കേന്ദ്രസഹമന്ത്രി പരിശോധിക്കും.

************************************

## എം.ടി അനുസ്മരണം

എം.ടി വാസുദേവൻ നായർക്ക് ആദരമർപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പ് സംഘടിപ്പിക്കുന്ന അനുസ്മരണ സമ്മേളനം നാളെ നടക്കും. തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ സമ്മേളനം ഉദ്ഘാടനം ചെയ്യും. സാഹിത്യരംഗത്തെ പ്രമുഖർ എം.ടിയെ അനുസ്മരിക്കും.

RNU TVPM

************************************

## ഇടുക്കി - ഹർത്താൽ( ഇൻട്രോ)

ഇടുക്കി മുള്ളരിങ്ങാട് കാട്ടാന ആക്രമണത്തിൽ യുവാവ് മരിച്ച സംഭവത്തിൽ പ്രതിഷേധം ശക്തം. വിവിധ സംഘടനകൾ ആഹ്വാനം ചെയ്ത ഹർത്താൽ പുരോഗമിക്കുന്നതോടൊപ്പം വനം വകുപ്പ് ഓഫീസിലേക്ക് നാട്ടുകാർ പ്രതിഷേധ പ്രകടനവും നടത്തി. അതിനിടെ, മരിച്ച അമർ ഇലാഹിയുടെ മൃതദേഹം സംസ്കരിച്ചു.
വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി **രതീഷ് കൃഷ്ണ.....**

**(വോയിസ്)**

************************************

## കടുവയുടെ ആക്രമണം

വയനാട് ജില്ലയിലെ കൽപ്പറ്റ പെരിന്തട്ടയിൽ കടുവയുടെ ആക്രമണത്തിൽ പശുക്കിടാവ് ചത്തു. ഇന്നലെ രാത്രി 9 മണിയോടെയാണ് സംഭവം. കടുവയെ പിടികൂടണമെന്ന് ആവശ്യപ്പെട്ട് പ്രദേശത്ത് ജനങ്ങൾ പ്രതിഷേധം ശക്തമാക്കി.

************************************

## ക്രിക്കറ്റ്

മെൽബണിൽ നടന്ന ബോർഡർ-ഗവാസ്കർ ട്രോഫി നാലാം ടെസ്റ്റ് ക്രിക്കറ്റിൽ ഇന്ത്യയ്ക്കെതിരെ ഓസ്ട്രേലിയയ്ക്ക് 184 റൺസ് ജയം. ഓസീസ് ഉയർത്തിയ 340 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യയ്ക്ക് 155 റൺസ് എടുക്കാനെ സാധിച്ചുള്ളു. ഇതോടെ അഞ്ച് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഓസ്ട്രേലിയ 2-1 ന് മുന്നിലാണ്.

RNUTVPM

************************************

## സന്തോഷ് ട്രോഫി

സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനൽ പോരാട്ടത്തിൽ കേരളം വെസ്റ്റ് ബംഗാളിനെ നേരിടും. നാളെ രാത്രി 7.30 ന് ഗച്ചിബൗളി സ്റ്റേഡിയത്തിലാണ് മത്സരം. സെമിയിൽ മണിപ്പൂരിനെ ഒന്നിനെതിരെ അഞ്ച് ഗോളുകൾക്ക് തകർത്താണ് കേരളം ഫൈനലിൽ കടന്നത്.

************************************

## ഹാൻബോൾ ചാമ്പ്യൻഷിപ്പ്

ദേശീയ സീനിയർ പുരുഷ ഹാൻഡ്ബോൾ ചാമ്പ്യൻഷിപ്പിൽ കന്നി കിരീടം നേടി കേരളം. ചങ്ങനാശേരിയിൽ നടന്ന ഫൈനൽ മത്സരത്തിൽ ചണ്ഡീഗഢിനെയാണ് കേരളം പരാജയപ്പെടുത്തിയത്. കേരളം ആദ്യമായാണ് ചാമ്പ്യഷിപ്പിന്റെ ഫൈനലിലെത്തുന്നത്.

***********************************

## സ്വച്ച് ഭാരത്- ലക്ഷദ്വീപ്

സ്വച്ച് ഭാരത് അഭിയാന്റെ ഭാഗമായി ലക്ഷദ്വീപ് ഭരണകൂടം ദ്വീപുകളിലെ വീടുകളിൽ നിന്നും മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ ഊർജിതമാക്കി. ലക്ഷദ്വീപ് പഞ്ചായത്ത് വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ സെക്രട്ടറി രാഹുൽ സിംഗ്, പഞ്ചായത്ത് ഡയറക്ടർ ആദിത്യ ഭട്ട് ഉൾപ്പെടുന്നവർ നേരിട്ട് വിലയിരുത്തി. ജനങ്ങളിൽ കൂടുതൽ അവബോധം വളർത്തുകയും മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

RNU TVPM

***********************************

## വയനാട് ഡിസിസി ട്രഷറർ

വയനാട് ഡിസിസി ട്രഷറർ എൻ.എം. വിജയന്റെയും മകന്റെയും മരണത്തിൽ എംഎൽഎ ഐസി ബാലകൃഷ്ണൻ ഉത്തരവാദിയാണെന്ന് ആരോപിച്ച് സിപിഐഎം പ്രവർത്തകർ ബത്തേരിയിലെ എംഎൽഎ ഓഫീസിലേക്ക് മാർച്ച് നടത്തി. എംഎൽഎ രാജി വെക്കണമെന്ന് പ്രതിഷേധക്കാർ ആവശ്യപ്പെട്ടു.

***********************************

## വി.എൻ .വാസവൻ

റബ്ബ്കോ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിൽപ്പന മേളയും മറ്റന്നാൾ മന്ത്രി വി എൻ വാസവൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. പുതിയ ഉത്പന്നങ്ങളുടെ വിപണനോദ്ഘാടനവും നടക്കും. വിപണനമേളയിൽ റബ്ബ്കോ ഉൽപ്പന്നങ്ങൾക്ക് 20 മുതൽ 30 ശതമാനം വരെ ഡിസ്കൗണ്ട് ഉണ്ടാകുമെന്ന് വി കെ പ്രശാന്ത് എംഎൽഎ തിരുവനന്തപുരത്ത് പത്രസമ്മേളനത്തിൽ അറിയിച്ചു.

************************************

## സ്വർണവില

സ്വർണവില കൂടി. ഗ്രാമിന് 15 രൂപ വർധിച്ച് 7,150 രൂപയും പവന് 57,200 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

************************************

## പി.രാജീവ്

നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായ വേഗത്തിലുള്ള പരിഹാരമാണ് കരുതലും കൈത്താങ്ങും താലൂക്ക് അദാലത്തുകളിൽ ഉണ്ടാകുന്നതെന്ന് മന്ത്രി പി.രാജീവ്. എറണാകുളം കണയന്നൂർ താലൂക്ക് അദാലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പരാതികളുടെ എണ്ണത്തിൽ കഴിഞ്ഞ തവണത്തേക്കാളും കുറവുണ്ടെന്നും സംവിധാനം മെച്ചപ്പെടുന്നു എന്നതിന്റെ സൂചനയാണിതെന്നും മന്ത്രി പറഞ്ഞു.

******************************************************

************************************

**********************